"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനകാര്യം - തൃശ്ശൂർ ജില്ലയിലെ വേലൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ടി.പി. കര്യനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.553/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/02/2021

പരാമർശം:- 1 വിജിലൻസ്& ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08.05.2017 തീയതിയിലെ ഇ13(ക്യു.വി.107/16/റ്റി എസ്.ആർ/തസ്വഭവ) 6353/17 നമ്പർ കത്ത്.

2 സർക്കാരിന്റെ 7.03.2018 ലെ 38/ഇപിബി3/2018 നമ്പർകത്ത്.

3 പഞ്ചായത്ത് ഡയറക്ടറുടെ 2.06.2018 ലെ ഡി7-9490/18നമ്പർ കുറ്റപത്രം.

4 ശ്രീ.ടി.പി.കര്യൻ സമർപ്പിച്ച 27.06.2018 ലെ പ്രതിവാദ പത്രിക.

5 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 25.07.2019 ലെ ഡിഡിപി/ടിഎസ്ആർ/2449/2018-എ3 നമ്പർഔപചാരിക അന്വേഷണ റിപ്പോർട്ട്.

6 പഞ്ചായത്ത് ഡയറക്ടറുടെ 9.08.2019 ലെ PAN/6393/2019-D7(DP) നമ്പർ നടപടി ക്രമങ്ങൾ.

7 പഞ്ചായത്ത് ഡയറക്ടറുടെ 9.08.2019 ലെ PAN/6393/2019-D7(DP) നമ്പർകത്ത്.

തൃശ്ശൂർ ജില്ലയിലെ വേലൂർ ഗ്രാമപഞ്ചായത്തിലെ അനധികൃത കൈയ്യേറ്റങ്ങളെ സംബന്ധിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ടി ഗ്രാമ പഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം-1 പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. തുടർന്ന് പഞ്ചായത്ത് ഡയറക്ടർ ചുവടെ ചേർക്കുന്ന ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ വേലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.റ്റി.പി കരിയനെതിരെ അച്ചടക്ക നടപടികൾ ആരംഭിക്കുകയുണ്ടായി. വേലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.റ്റി.പി കരിയൻ ടി പഞ്ചായത്തിലെ സേവനകാലത്ത് തയ്യൂർ വില്ലേജിലെ 832/2 സർവ്വേ നമ്പറിലുള്ള സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം സംബന്ധിച്ച് തലപ്പിള്ളി അഡിഷണൽ തഹസിൽദാരുടെ 18.12.2015 ലെ സ്കെച്ച് അടക്കമുള്ള വ്യക്തമായ റിപ്പോർട്ട് കൈവശമുണ്ടായിരുന്നിട്ടും, പ്രസ്തുത ഭൂമി റോഡ് നിരപ്പിൽ നിന്നും 3 മീറ്റർ താഴെയാണെന്ന കാരണത്താൽ അത് കയ്യേറ്റ ഭൂമിയിയായി കണക്കാക്കാൻ കഴിയില്ല എന്ന തെറ്റായ റിപ്പോർട്ട് സർക്കാരിന്റെ 11.04.2016 ലെ സുതാര്യ കേരളം പരിപാടിക്ക് നൽകിയതിലൂടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയതായും, സർവ്വേ നം.832/2 സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റവുമായി ബന്ധപ്പെട്ട് ആരോപണ വിധേയനായ ശ്രീ.ദേവസി എന്നയാൾ നൽകിയ അപ്പീൽ നിരസിച്ചുകൊണ്ടുള്ള തലപ്പിള്ളി അഡിഷണൽ തഹസിൽദാരുടെ 25.01.2016 ലെ കത്ത് 02.02.2016 ൽ പഞ്ചായത്ത് ഓഫീസിൽ ലഭിച്ചുവെങ്കിലും പ്രസ്തുത വിവരം മറച്ച് വച്ച് അപ്പീൽ അഡിഷണൽ തഹസിൽദാരുടെ പരിഗണനയിലാണെന്ന തെറ്റിദ്ധാരണാജനകവും അസത്യം നിറഞ്ഞതുമായ റിപ്പോർട്ട് സർക്കാരിന്റെ 11.04.2016 ലെ സുതാര്യകേരളം പരിപാടിക്ക് നൽകിയതിലൂടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തുകയും മേലധികാരികളെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്തു. കൂടാതെ തയ്യൂർ വില്ലേജിലെ 839/2 സർവ്വേ നമ്പറിലുള്ള സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് 27.12.2015 ൽ ശ്രീ.ദേവസി എന്നയാൾക്ക് നോട്ടീസ് നൽകിയെങ്കിലും ആയതിന്മേൽ യാതൊരു തുടർനടപടിയും സ്വീകരിക്കാതെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തുകയും

ചെയ്തു. കൂടാതെ തയ്യൂർ വില്ലേജിലെ സർവ്വേ നമ്പർ 839/2 നമ്പർ സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം സംബന്ധിച്ച തലപ്പിള്ളി അഡിഷണൽ തഹസിൽദാരുടെ 18.12.2015 ലെ സ്കെച്ച് അടക്കമുള്ള വ്യക്തമായ റിപ്പോർട്ട് 28.12.2015 ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റിയിൽ യഥാവിധി അവതരിപ്പിക്കുകയോ, ശരിയായ ദിശയിലുള്ള ഉപദേശം നൽകുകയോ ചെയ്യാതിരുന്നത് മൂലം പഞ്ചായത്ത് കമ്മിറ്റിക്ക് യുക്തിസഹമായ തീരുമാനം കൈക്കൊള്ളാൻ കഴിയാത്ത സാഹചര്യമുണ്ടാക്കിയതായും, തയ്യൂർ വില്ലേജിലെ സർവ്വേ നമ്പർ 839/2 സർക്കാർ ഭൂമിയിൽ നടന്ന അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് തൃശൂർ സബ് കളക്ടർ നൽകിയ നിർദേശം പാലിച്ചില്ലെന്ന് മാത്രമല്ല തെറ്റായ റിപ്പോർട്ട് സബ് കളക്ടർക്ക് നൽകി ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുകയും ചെയ്തു. സർവ്വേ നമ്പർ.839/2 സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് തൃശൂർ സബ് കളക്ടർ നൽകിയ കത്ത് പഞ്ചായത്ത് കമ്മിറ്റിയുടെ യോഗ അജണ്ടയിൽ ഉൾപ്പെടുത്താതിരുന്നതിലൂടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തി തുടങ്ങിയവയായിരുന്നു ശ്രീ.റ്റി.പി കരിയനെതിരെയുള്ള പ്രധാന ആരോപണങ്ങൾ.

മേൽപ്പറഞ്ഞ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ക്ക് വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.റ്റി.പി കരിയനെതിരെ 1960-ലെ കേരള സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടം 15 അനുശാസിക്കും വിധം പരാമർശം (3) പ്രകാരം കുറ്റാരോപണമെമ്മോ നൽകി പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. കുറ്റാരോപണ മെമ്മോക്ക് ശ്രീ.റ്റി.പി കരിയൻ പരാമർശം (4) പ്രകാരം എതിർവാദപത്രിക സമർപ്പിക്കുകയും ആയതിന്മേൽ തൃശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അഭിപ്രായ റിപ്പോർട്ട് സമർപ്പിക്കുയും ചെയ്തിരുന്നു.

അച്ചടക്ക നടപടിക്ക് ആധാരമായ വിഷയത്തിൽ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തൃശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവായിരുന്നു. ടി റിപ്പോർട്ട് പ്രകാരം ശ്രീ.റ്റി.പി കരിയനെതിരായ 6- കുറ്റാരോപണങ്ങളും നിലനിൽക്കുന്നതല്ലെന്നും, ടിയാൻ 31.07.2019 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ചെന്നും തൃശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

ശ്രീ.റ്റി.പി കരിയൻ 31.07.2019 ൽ സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ടിയാനെതിരെ തുടർന്നു വന്ന വകുപ്പുതല അച്ചടക്ക നടപടി പരാമർശം (6) പ്രകാരം അവസാനിപ്പിച്ചുകൊണ്ടും കെ.എസ്.ആർ ഭാഗം III ചട്ടം (3) പ്രകാരം സർക്കാർ തലത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിന് പരാമർശം (7) പ്രകാരം ശുപാർശ ചെയ്തു കൊണ്ടും പഞ്ചായത്ത് ഡയറക്ടർ സർക്കാരിലേക്ക് കത്ത് സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.റ്റി.പി കരിയനെതിരായ പഞ്ചായത്ത് ഡയറക്ടറുടെ കുറ്റാരോപണമെമ്മോയിലെ 6 - ചാർജ്ജുകളും നിലനിൽക്കുന്നതല്ല എന്ന ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ ഭാഗം III ചട്ടം 3 (എ) പ്രകാരം പെൻഷനിൽ നിന്നും കുറവ് ചെയ്യാൻ തക്കവിധമുള്ള വീഴ്ചകൾ ടിയാന്റെ ഭാഗത്തുനിന്നും സംഭവിച്ചിട്ടില്ലാത്തതിനാൽ തൃശൂർ ജില്ലയിലെ വേലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.റ്റി.പി.കരിയനെതിരെയുള്ള അച്ചടക്ക നടപടികൾ തീർപ്പാക്കി ഉത്തരവാകുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

File No.LSGD-EPB3/38/2018-LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ.ടി.പി.കര്യൻ, മുൻ സെക്രട്ടറി, വേളൂർ ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ഓഡിറ്റ്), കേരളം, തിരുവനന്തപുരം/തൃശ്ശൂർ

5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിജിലൻസ് (ഡി) വകുപ്പ്

8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നമ്പർ ഇപിബി3/38/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SUDHEER S S
Date: 2021.02.23 16:28:56 IST
Reason: Approved
സെക്ഷൻ ഓഫീസർ